കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) - തടസ്സപ്പെടുത്തിയിട്ടുള്ള ഒരു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നൂറ്റി അറുപത്തിയാറു രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2130/2021/തസ്വഭവ **തിരുവനന്തപുരം, തീയതി- 29/10/2021**

പരാമർശം: 1) 02.11.2017 ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-33743/17 നമ്പർ കത്ത്.

2) 21.06.2018 ലെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ നം.കെ.എസ്.എ.3201/പിറ്റി2/17 നമ്പരായ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിൻെറ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,96,166/- രൂപയ്ക്ക് (ഒരു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നൂറ്റി അറുപത്തിയാറു രൂപ മാത്രം) സാധൂകരണം അനുവദിക്കുന്നതിനായി പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച സാധൂകരണാപേക്ഷ ഉചിതമാർഗ്ഗേന പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൻെറ 4(1) നമ്പർ സമിതി തീരുമാനം, പാലക്കാട് ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 21-ാം നമ്പർ അനുകൂല തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് തയ്യാറാക്കാതെയും ഡി.പി.സി അംഗീകാരമില്ലാതെയും തെരുവുവിളക്കുകളുടെ റിപ്പയറിംഗ് വർക്കുകൾക്കായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനാലായിരുന്നു 1,96,166/- രൂപയുടെ (ഒരു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നൂറ്റി അറുപത്തിയാറു രൂപ മാത്രം) ഓഡിറ്റ് തടസ്സപ്പെടുത്തൽ ഉണ്ടായത്. തെരുവു വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടിരുന്നതിനാലും തെരുവു വിളക്കുകൾ അടിയന്തരമായി റിപ്പയർ ചെയ്യേണ്ട അവസ്ഥയായിരുന്നതിനാലുമാണ് പ്രോജക്ട് തയ്യാറാക്കാതെയും ഡി പി സി അംഗീകാരം വാങ്ങാതെയും പ്രവർത്തി ചെയ്യേണ്ടിവന്നതെന്നും വാങ്ങൽ നടപടിക്രമങ്ങൾ, വാങ്ങിയ സാധനങ്ങളുടെ വിനിയോഗം എന്നിവ ക്രമപ്രകാരവും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമായിരുന്നു എന്നും ടി ചെലവ് കൊണ്ട് പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം വന്നിട്ടില്ലായെന്നും നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ് ഉണ്ടായത് എന്നുമുള്ള പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29/11/2016 ലെ 4(1)-ാം നമ്പർ യോഗതീരുമാനം, പാലക്കാട് ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 03-05-2017 ലെ 21-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം(2) പ്രകാരം ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ ടി പദ്ധതി ജനോപകാരപ്രദവും അത്യന്താപേക്ഷിതവുമായിരുന്നെന്ന വസ്തുത കണക്കിലെടുത്തും തുക ഫണ്ടിൽ നിന്നുമായിരുന്നെന്ന കാര്യം പരിഗണിച്ചും തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് നടത്തുക എന്നത് സമയബന്ധിതമായി ചെയ്യേണ്ടിയിരുന്നതിനാലും പഞ്ചായത്ത് സമിതി, ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ

അടിസ്ഥാനപ്പെടുത്തി പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ 2010-11 വർഷത്തെ ഓഡിറ്റ് പരാമർശം 3(2) പ്രകാരമുള്ള 1,96,166/- രൂപയുടെ(ഒരു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നൂറ്റി അറുപത്തിയാറു രൂപാ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജെയ്സിപോൾ
അണ്ടർ സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ്കടർ, പാലക്കാട്
സെക്രട്ടറി,പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
(വെബ് സൈററിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് ആൻറ് ന്യൂ മീഡിയ
അക്കൗണ്ട്സ് ജനറൽ(A&E), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ